**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4358** **06-03-2023 - ൽ മറുപടിയ്ക്ക്**

**വ്യവസായികൾക്ക് സൗകര്യപ്രദമായ ഭൂമി ലഭ്യമാകുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംരഭകർക്ക് വ്യവസായ എസ്റ്റേറ്റുകളിലും പാർക്കുകളിലും ഭൂമി ലഭ്യമാകുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ; | (എ) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഉടമസ്ഥതയിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ വ്യവസായ ഭൂമിക്കായി അതാത് ജില്ല വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്ക് വ്യവസായ വാണിജ്യ വകുപ്പിന്റെ വെബ് പോർട്ടലിലൂടെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഇത്തരത്തിൽ ലഭിക്കുന്ന പൂർണ്ണമായ അപേക്ഷകൾ ജില്ലാ വ്യവസായ ലാൻഡ് അലോട്ട്മെന്റ് കമ്മിറ്റി പരിശോധിച്ച് വർഷാവർഷം തയ്യാറാക്കുന്ന മുൻഗണനാ ലിസ്റ്റ് പ്രകാരമാണ് സംരംഭകർക്ക് വ്യവസായ ഭൂമി അനുവദിക്കുന്നത്.<br><br>വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനങ്ങളായ സിഡ്കോ, കിൻഫ്ര, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എന്നിവ താഴെപ്പറയുന്ന വ്യവസ്ഥകളാണ് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പിൻതുടരുന്നത്.<br><br>(i)30 വർഷത്തെ പാട്ട വ്യവസ്ഥയിലാണ് ഭൂമി അലോട്ട് ചെയ്യുന്നത്.<br><br>(ii) ഏതുതരം വ്യവസായത്തിനാണോ ഭൂമി അലോട്ട് ചെയ്യുന്നത് ആ ആവശ്യത്തിനു മാത്രമേ ഭൂമി വിനിയോഗിക്കാവൂ .<br><br>(iii) ഉപപാട്ടം അനുവദനീയമല്ല<br><br>(iv) അലോട്ട് ചെയ്യപ്പെടുന്ന ഭൂമിയിൽ 24 മാസത്തിനുള്ളിൽ വ്യവസായങ്ങൾ ആരംഭിക്കണം. |
| (ബി) | കേരളത്തിൽ നിക്ഷേപത്തിന് സന്നദ്ധരായി വരുന്ന വ്യവസായികൾക്ക് സൗകര്യപ്രദമായ ഭൂമി ലഭ്യമാകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | കേരളത്തിൽ നിക്ഷേപത്തിന് സന്നദ്ധരായി വരുന്ന വ്യവസായികൾക്ക് വ്യവസായ ഭൂമി ലഭ്യമാക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വെബ്-പോർട്ടൽ വഴി ഓൺലൈനായി അതാത് ജില്ലാ വ്യവസായ കേന്ദ്രം |

| | | | |
|---|---|---|---|
| | | | ജനറൽ മാനേജർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഉടമസ്ഥതയിലുള്ള 40 വ്യവസായ എസ്റ്റേറ്റ്/പാർക്കുകളിൽ വ്യവസായ സംരംഭം ആരംഭിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ജലം, ഗതാഗതം, വൈദ്യുതി, ചുറ്റമതിൽ, ഗേറ്റ്, മാലിന്യ സംസ്കരണത്തിനായി Common Effluent Treatment Plant, Power Feeder എന്നീ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിച്ച് ഭൂമി അനുവദിച്ചു വരുന്നു. കൂടാതെ, അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് സംരംഭകർക്ക് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br><br>പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം നിലവിൽ വന്നിട്ടുണ്ട്. സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ അടിസ്ഥാന വികസന പ്രവർത്തനങ്ങളായ റോഡുകൾ, വൈദ്യുതി, ജലവിതരണം, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ലബോറട്ടറി, ടെസ്റ്റിംഗ്, സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതു സൗകര്യങ്ങൾക്കുമായി ഒരു ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സർക്കാർ റീ-ഇംമ്പേഴ്സ്മെന്റ് വ്യവസ്ഥയിൽ ധനസഹായം നൽകുന്നു. |
| (സി) | വ്യവസായികൾക്ക് ഭൂമി ലഭ്യമാകുന്നതിനുള്ള വ്യവസ്ഥകൾ ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇപ്രകാരം ലഭ്യമാകുന്ന ഭൂമി ഈടുവയ്ക്കുന്നതിനും സംരംഭങ്ങൾക്കായി അനന്തരവകാശികൾക്ക് കൈമാറുന്നതിനും വ്യവസ്ഥയുണ്ടോയെന്നും വ്യക്തമാക്കുമോ; | (സി) | വ്യവസായ ഭൂമി സംബന്ധിച്ച യൂണിഫൈഡ് ലാൻഡ് ലീസ് റൂൾ രൂപീകരണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. വ്യവസായ ആവശ്യത്തിന് വേണ്ടി ഭൂമി ധനകാര്യ സ്ഥാപനങ്ങളിൽ/ബാങ്കുകളിൽ ഈട് വയ്ക്കുന്നതിനും അനുമതി നൽകുന്നുണ്ട്. വ്യവസായ എസ്റ്റേറ്റിൽ/ പാർക്കിൽ ഭൂമി ലഭിച്ചിട്ടുള്ള ഒറിജിനൽ അലോട്ടി മരണപ്പെടുന്ന പക്ഷം അനന്തരവകാശികൾക്ക് പ്രസ്തുത ഭൂമി ഭരണഘടനമാറ്റമായി കണക്കാക്കി (മറ്റു മാറ്റങ്ങൾ അനുവദിക്കുന്നില്ല) കൈമാറുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ഡി) | ഫാക്ടറികൾ പൂട്ടിയിട്ട് വർഷങ്ങളായെങ്കിലും കൈമാറ്റം അനുവദിക്കാത്തതായും ഭൂമി വെറുതെ കിടക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | വ്യവസായ എസ്റ്റേറ്റുകളിൽ സംരഭകർക്ക് നൽകിയതും നിശ്ചിത സമയത്തിനുള്ളിൽ ഉപയോഗിക്കപ്പെടാത്തതുമായ ഭൂമി | (ഇ) | ഉണ്ട്.<br><br>വ്യവസായ എസ്റ്റേറ്റുകളിൽ സംരംഭകർക്ക് അനുവദിച്ച ഭൂമിയിൽ 2 വർഷത്തിനുള്ളിൽ |

| | | | |
|---|---|---|---|
| | തിരിച്ചെടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ? | | വാണിജ്യാടി സ്ഥാനത്തിൽ ഉല്പാദനം ആരംഭിച്ചിട്ടില്ലായെന്നുണ്ടെങ്കിൽ പ്രസ്തുത വ്യവസായ ഭൂമി സ്വമേധയാ തിരിച്ചെടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ